സ്ഥകൾ കർശനമായി പാലിക്കാൻ നിർദ്ദേശങ്ങൾ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെയും അന്യസംസ്ഥാനങ്ങളിലെയും മത്സ്യ സംസ്കരണ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ സംബന്ധമായ ശുപാർശകളിൽ ഒന്നായ തൊഴിലാളികളെ റിക്രൂട്ടു ചെയ്യുന്ന കോൺട്രാക്ടർമാർക്ക് ലൈസൻസ് ഏർപ്പെടുത്തുന്നതിലേയ്ക്ക് സംസ്ഥാന ലേബർ കമ്മീഷണറെ സ്റ്റേറ്റ് ലൈസൻസിംഗ് ഓഫീസറായി നിയമിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ആവശ്യപ്പെട്ടിരുന്നു. തിരുവനന്തപുരത്തെ എസ്.എ.റ്റി; തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പേരൂർക്കട ഗവ. ആശുപത്രി, ഫോർട്ട് ആശുപത്രി എന്നിവിടങ്ങളിലെ പ്രശ്ന പരിഹാരത്തിനാണ് ശുപാർശ നൽകിയിരുന്നത്. ഈ നാല് ആശുപത്രികളിലെയും ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ആശുപത്രി സൂപ്രണ്ടുമാരിൽ നിന്നും അഭിപ്രായം ശേഖരിച്ച് അനന്തര നടപടി സ്വീകരിച്ചു വരുന്നു.

(സി) 1973-ലെ ക്രിമിനൽ പ്രൊസീഡ്യുവ കോഡിലെ സെക്ഷൻ 125 മുതൽ 127 വരെ പ്രകാരമുള്ള ജീവനാംശം ഇപ്പോൾ നൽകുന്ന 500 രൂപയിൽ നിന്നും, 1500 രൂപയോ, പുരുഷന്റെ വരുമാനത്തിന്റെ മൂന്നിൽ ഒന്നു ഭാഗമോ ഇതിൽ കൂടിയ തുകയായി ഉയർത്തണം എന്ന ശുപാർശ സമർപ്പിച്ചിരുന്നു. ഇതിനുവേണ്ടി Cr. PC യിലെ ബന്ധപ്പെട്ട വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിനുള്ള ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി തേടിയിട്ടുണ്ട്.

(ഡി) ഉണ്ട്. നിയമവകുപ്പിൽ ഇതു സംബന്ധിച്ച നടപടി എടുത്തു വരുന്നു.

44 (568) ജുവനൈൽ ഹോമിന്റെ അതിർത്തി

<u>ശ്രീ. എളമരം കരീം</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജുവനൈൽ ഹോമിന്റെ കിഴക്കേ അതിരിലുള്ള കമ്പി വേലി മാറ്റി മതിൽകെട്ടണമെന്ന നാട്ടുകാരുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) നിവേദനത്തിലെ പരാതി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കോഴിക്കോട് മേഖലാ അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ലഭിച്ചാലുടൻ നിവേദനത്തിലെ ആവശ്യത്തിൻമേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

45 (569) അംഗൻവാടികൾ ആരംഭിക്കാനുള്ള നടപടികൾ

<u>ശ്രീ. പി. വിശ്വൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മുനിസിപ്പാലിറ്റി, ചെങ്ങോട്ടുകാവ്, ചേമഞ്ചേരി, മൂടാടി എന്നീ പഞ്ചായത്തുകളിലും അംഗൻവാടികൾ ആരംഭിക്കാനുള്ള നടപടികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly